കൂടുതലോ സീനിയർ ഗവണ്മെന്റ് പ്ലീഡർമാരെയോ ഗവണ്മെന്റിനെ സംബന്ധിക്കുന്ന കേസ്സുകളിൽ വാദിക്കുവാൻ നിയമിക്കാവുന്നതാണ്.

(ഇ) ഗവണ്മെന്റിനുവേണ്ടി ആരെ കക്ഷി ആക്കണമെന്ന് നിശ്ചയിക്കുന്നത് ഓരോ കേസ്സിന്റെയും സ്വഭാവം അനുസരിച്ചായിരിക്കും.

(എഫ്)&(ജി) നിയമവകുപ്പു സെക്രട്ടറി കക്ഷിയായിട്ടില്ല.

(എച്ച്) പരാതി നമ്പർ 34/99 കേസ്സിൽ രണ്ടാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിക്കുവേണ്ടി ചീഫ്സെക്രട്ടറി നിർദ്ദേശിച്ചതുപ്രകാരം നിയമവകുപ്പു സെക്രട്ടറി കൗണ്ടർ സ്റ്റേറ്റുമെന്റ് ഫയൽ ചെയ്തിട്ടുണ്ട്.

(ഐ)&(ജെ) നിയമവകുപ്പ് സെക്രട്ടറി സ്വയം ഹാജരാക്കേണ്ടതില്ല.

റേഷൻ സമ്പ്രദായം

68 (114) ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) കേന്ദ്രഗവണ്മെന്റിൽ നിന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സംസ്ഥാനസർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ പ്രസ്തുത തീരുമാനം സംസ്ഥാനത്തെ റേഷൻ വാങ്ങുന്നവരെയും റേഷൻ വ്യാപാരികളെയും എപ്രകാരം ബാധിക്കും എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണത്തിനായി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യവും മറ്റും സംസ്ഥാനത്തിന് നൽകിവരുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) റേഷൻ സമ്പ്രദായം നിർത്തലാക്കാനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുമുള്ള കേന്ദ്ര നീക്കത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്തെന്ന് അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) റേഷൻ സമ്പ്രദായം പരിമിതപ്പെടുത്തുന്ന പക്ഷം ഭക്ഷ്യസാധനങ്ങളുടെ വിലനിലവാരം പൊതുമാർക്കറ്റിൽ വർദ്ധിക്കുമെന്നതിനാൽ ഇത് തരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായപ്രകാരം സംസ്ഥാനത്തിന് പ്രതിമാസം എത്ര ടൺ അരിയാണ് ലഭിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സംസ്ഥാനത്തെ കാർഡുടമകൾക്ക് നല്ലയിനം അരി ലഭ്യമാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ)&(ബി) ഔദ്യോഗികമായി കേന്ദ്രത്തിൽനിന്നും ഇക്കാര്യത്തിൽ അറിയിപ്പ് ലഭിച്ചിട്ടില്ല. എങ്കിലും റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ കേന്ദ്രം ഉദ്ദേശിക്കുന്നതായി മാധ്യമങ്ങളിലൂടെ അറിഞ്ഞതിനാൽ സംസ്ഥാന ഭക്ഷ്യവകുപ്പു മന്ത്രി കേന്ദ്ര ഗവണ്മെന്റിനോട് നിലവിലുള്ള സംവിധാനം തന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കേന്ദ്രത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥനത്തെ റേഷൻ വിതരണരംഗത്തെ ഇതെങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചും അത് പരിഹരിക്കാനുള്ള ഉപാധികളെക്കുറിച്ചും വിലയിരുത്തിയിട്ടില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്രകാരം റേഷൻ വിതരണത്തിനായി 145320 മെ.ടൺ അരിയും 37720 മെ.ടൺ ഗോതമ്പും 12375.4 മെ.ടൺ പഞ്ചസാരയും 32348 കിലോലിറ്റർ മണ്ണെണ്ണയും സംസ്ഥാനത്തിന് പ്രതിമാസം ലഭിച്ചുവരുന്നു. ഇതിൽ കേന്ദ്രസർക്കാർ പ്രൊ. ലക്കയാവാലാ കമ്മീഷൻ റിപ്പോർട്ടുപ്രകാരം കണ്ടെത്തിയിട്ടുള്ള 25.43% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 15350 ടൺ അരി പ്രതിമാസം ഉയർന്ന നിരക്കിൽ സബ്സിഡി നൽകി കിലോയ്ക്ക് 4 രൂപ പ്രകാരം കുടുംബം ഒന്നിന് പ്രതിമാസം 10 കിലോഗ്രാം അരി വീതം നൽകി വരുന്നു.

(എഫ്) നിലവിലുള്ള റേഷൻ സമ്പ്രദായം തുടരണമെന്ന് സംസ്ഥാന ഭക്ഷ്യവകുപ്പുമന്ത്രി, കേന്ദ്ര ഗവണ്മെന്റിനോട് മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) റേഷൻ സമ്പ്രദായം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിക്കാത്തതിനാൽ ഇക്കാര്യത്തിൽ മുൻകരുതൽ നടപടി എടുത്തിട്ടില്ല.

(എച്ച്) 145320 മെ. ടൺ അരി പ്രതിമാസം ലഭിച്ചു വരുന്നു.

(ഐ) നല്ലയിനം അരി മാത്രമേ വിതരണത്തിനായി തെരഞ്ഞെടുക്കാവു എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വില നിലവാരം

69 (115) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ ഓപ്പൺ മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയെന്തായിരുന്നു;

(ബി) 1998 നവംബർ 1-ാം തീയതി പ്രസ്തുത സാധനങ്ങളുടെ വില എന്തായിരുന്നു; ഓപ്പൺ മാർക്കറ്റിൽ വില വർദ്ധനവ് തടയുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly